# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : *343** — **15/03/2017 ൽ മറുപടിക്ക്**

## നിക്ഷേപം വർദ്ധിപ്പിക്കാനും വ്യവസായ സൗഹൃദ സംസ്ഥാനമായി മാറ്റുവാനും പദ്ധതി

| | | | |
|---|---|---|---|
| | **ഡോ. എം.കെ. മുനീർ**<br>**ശ്രീ.എം. ഉമ്മർ**<br>**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**<br>**ശ്രീ. കെ.എം. ഷാജി** | | **ശ്രീ. എ.സി. മൊയ്തീൻ**<br>**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| | **ചോദ്യം** | | **മറുപടി** |
| (എ) | സംസ്ഥാനത്തെ നിക്ഷേപം വർദ്ധിപ്പിക്കാനും വ്യവസായ സൗഹൃദ സംസ്ഥാനമാക്കി മാറ്റുവാനും മുൻസർക്കാർ ആസൂത്രണം ചെയ്ത നടപ്പാക്കിയ വ്യവസായ പദ്ധതികളിൽ ഏതെങ്കിലും ഈ സർക്കാർ ഉപേക്ഷിച്ചിട്ടുണ്ടോ; എങ്കിൽ അത് സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ; | (എ) & (ബി) | സംസ്ഥാനത്തെ നിക്ഷേപം വർദ്ധിപ്പിക്കാനും വ്യവസായ സൗഹൃദ സംസ്ഥാനമാക്കി മാറ്റുവാനുമുള്ള പുതിയ പദ്ധതികൾ സർക്കാരിന്റെ കരട് വ്യവസായ നയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത് സർക്കാരിന്റെ പരിഗണനയിലാണ്.<br>നേരത്തെ നിലവിലുണ്ടായിരുന്ന പദ്ധതികൾ വിജയകരമായരീതിയിൽ നടപ്പിലാക്കുന്നതോടൊപ്പം താഴെപ്പറയുന്ന പദ്ധതികളാണ് പുതിയതായി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളത്.<br>1) എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും ബിസിനസ് ഇൻകുബേഷൻ സെന്ററുകൾ സ്ഥാപിച്ച് പ്രവർത്തിച്ചുവരുന്നു. പുതിയ സംരംഭകർക്ക് ദിശാബോധം നൽകി അവരെ വ്യവസായികൾ എന്ന നിലക്ക് വളർത്തിയെടുക്കുന്നതിൽ ബിസിനസ് ഇൻകുബേഷൻ സെന്ററുകൾ സുപ്രധാനമായ പ്രവർത്തനമാണ് കാഴ്ച വെയ്ക്കുന്നത്. |
| (ബി) | ഇതേ ലക്ഷ്യങ്ങൾക്കുവേണ്ടി ഈ സർക്കാർ പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ അത് സംബന്ധിച്ച വിശദവിവരം നല്കാമോ? | | |

| | | | |
|---|---|---|---|
| | | | 2) വ്യവസായ സംരംഭങ്ങളുടെ ഉൽപ്പന്നങ്ങൾക്ക് ദേശീയ അന്തർദേശീയ തലത്തിൽ വിപണി കണ്ടെത്തുന്നതിന്റെ ഭാഗമായി ഈ വർഷം ഫെബ്രുവരി 2 മുതൽ 4 വരെ വ്യാപാർ 2017 എന്നൊരു ബി 2 ബി പദ്ധതി നടത്തുകയുണ്ടായി.<br>3) കേരളത്തിന്റെ തനതായ ഉൽപ്പന്നങ്ങളിൽ നിന്നും മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നത് പ്രോൽസാഹിപ്പിക്കുന്നതിനും അത് വഴി കർഷകരുടെയും വ്യവസായ സംരംഭകരുടെയും ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനുമായി അഗ്രോ ഫുഡ് പ്രൊ ഈ വർഷം ഫെബ്രുവരി 5 മുതൽ 7 വരെ എറണാകുളത്ത് വച്ച് സംഘടിപ്പിക്കുകയുണ്ടായി.<br>4) കേരളത്തിന്റെ വ്യവസായ ഉൽപ്പന്നങ്ങളെ ദേശീയ അന്തർദേശീയ തലത്തിൽ പരിചയപ്പെടുത്തുന്നതിനു വേണ്ടി വിവിധ എക്സിബിഷനുകൾ നടത്തി.<br>5) പുതിയ സംരംഭകരെ കണ്ടെത്തുന്നതിനും മാനേജീരിയൽ, ടെക്നിക്കൽ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനുമായി<br>സംസ്ഥാനത്തൊട്ടാകെ സെമിനാറുകൾ, എക്സിബിഷനുകൾ എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്. വ്യവസായ സംരംഭകരെ ആകർഷിക്കുന്നതിനായി എല്ലാ ജില്ലകളിലും ഇൻവെസ്റ്റേഴ്സ് മീറ്റ്, സംരംഭകത്വ പരിശീലന പദ്ധതി, ടെക്നോളജി ക്ലിനിക്, സ്കിൽ ഡെവലപ്പ്മെന്റ് പ്രോഗ്രാം തുടങ്ങിയ പരിപാടികൾ നടത്തിവരുന്നു. സ്കൂൾ കോളേജ് തലങ്ങളിൽ സംരംഭക ക്ലബുകൾ മുഖേന വിദ്യാർത്ഥികളിലും |

| | | | |
|---|---|---|---|
| | | | യുവജനങ്ങളിലും സംരംഭകത്വം വളർത്തുന്നതിനുള്ള പരിപാടികൾ നടത്തുന്നു.<br>കൂടാതെ കിൻഫ്ര മുഖേന താഴെപ്പറയുന്ന പുതിയ പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു<br>1. വ്യവസായ വികസന മേഖല, തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, കണ്ണൂർ<br>2. വ്യവസായ പാർക്ക്, മട്ടന്നൂർ<br>3. മെഗാ ഫുഡ് പാർക്ക്, പാലക്കാട്<br>4. ഇലക്ട്രോണിക്സ് മാനുഫാക്ചറിംഗ് ക്ലസ്റ്റർ, കാക്കനാട്, എറണാകുളം<br>5. ഡിഫൻസ് പാർക്ക്, ഒറ്റപ്പാലം പാലക്കാട്<br>6. സ്പൈസസ് പാർക്ക്,തൊടുപുഴ, ഇടുക്കി<br>7. അഡ്വാൻസ്ഡ് ടെക്നോളജി പാർക്ക്, രാമനാട്ടുകര, കോഴിക്കോട്<br>8. അഡ്വാൻസ്ഡ് ടെക്നോളജി പാർക്ക്, പുഴക്കൽ, തൃശ്ശൂർ<br>9. കിൻഫ്ര കൊരട്ടി പാർക്കിന്റെ രണ്ടാം ഘട്ട വികസനം<br>10. ഫിലിം & വീഡിയോ പാർക്കിലെ പ്രത്യേക സാമ്പത്തിക മേഖലയുടെ രണ്ടാംഘട്ട വികസനം<br>11. ഗ്ലോബൽ ആയുർവേദ വില്ലേജ്, തിരുവനന്തപുരം<br>12. ഫുഡ് വെയർ ക്ലസ്റ്റർ, രാമനാട്ടുകര, കോഴിക്കോട്.<br>ഇവയിൽ മെഗാ ഫുഡ് പാർക്ക്, ഡിഫൻസ് പാർക്ക്, ഇലക്ട്രോണിക്സ് മാനുഫാക്ചറിംഗ് ക്ലസ്റ്റർ എന്നിവ കേന്ദ്രസർക്കാരിന്റെ ധനസഹായത്തോടു കൂടി നടപ്പിലാക്കുന്ന പദ്ധതികളാണ്. ഈ 3 പദ്ധതികൾക്കും കേന്ദ്രസർക്കാരിന്റെ അനുമതി ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ